21/09/2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A
Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/09/2024

1. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക രംഗത്തെപ്പറ്റി മനസ്സിലാക്കുവാനും ക്രോപ്പ് പ്ലാനിംഗ് & കൾട്ടിവേഷൻ, മാർക്കറ്റിംഗ്, എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നേടുവാനും അവസരം ഒരുക്കുന്ന ഇൻറേൺഷിപ് പദ്ധതിയിലേക്ക് കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. യോഗ്യത- വി.എച്ച്.എസ്.ഇ (അഗ്രി), കൃഷി ശാസ്ത്രത്തിൽ /ജൈവ കൃഷിയിൽ ഡിപ്ലോമ. പ്രായം - 01/08/2024 ൽ 18 മുതൽ 41 വയസ്സു വരെ. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ പ്രോത്സാഹനമായി നൽകുന്നതാണ്. പരമാവധി ആറു മാസം (180 ദിവസം) ആയിരിക്കും ഇന്റേൺഷിപ്പിന്റെ കാലാവധി. താല്പര്യമുള്ള നിശ്ചിത യോഗ്യതയുള്ളവർ (www.keralaagriculture.gov.in (വെബ് സൈറ്റിൽ 13/09/2024 വരെ ഓൺലൈനായും നേരിട്ടും അപേക്ഷകൾ സമർപ്പിക്കാവുന്നാണ്. അപേക്ഷ ഫോറം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം ഇന്റർവ്യൂ വേളയിൽ സമർപ്പിക്കേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർ കൃഷിഭവനുകളിലാണ് നിയോഗിക്കപ്പെടുന്നത്. വിജയകരമായി ഇൻറേൺഷിപ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പ്രവൃത്തി പരിചയ സാക്ഷ്യ പത്രമായി ഇത് ഉപയോഗിക്കാവുന്നതാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

2. വെള്ളായണികാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽനിന്നും ഇന്ത്യൻ തേനിച്ചയുടെ കോളനികൾ കൂടൊന്നിന് 1400/- രൂപാനിരക്കിലും. മണ്ണിരക്കമ്പോസ്റ്റിനനുയോജ്യമായ യുഡ്രിലസ് ഇനത്തിൽപ്പെട്ട മണ്ണിരകൾ 100 ഗ്രാമിന് 100 രൂപനിരക്കിലും കോമാടൻ, വെസ്റ്റ് കോസ്റ്റ് ടാൾഎന്നി തെങ്ങിൻ തൈകൾ യഥാക്രമം 130,

120 രൂപാ നിരക്കുകളിലും എല്ലാ പ്രവർത്തി ദിവസങ്ങളിലും സെയിൽസ് കൗണ്ടറിൽ നിന്ന് വിപണനത്തിന് ലഭ്യമാണ്. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ യാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 8848277143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3 ചെറുകിട കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണിക്കായുള്ള സർവ്വീസ് ക്യാമ്പ് 1000 രൂപ വരെയുള്ള യന്ത്ര ഭാഗങ്ങൾ സൗജന്യം പണിക്കൂലി പരമാവധി 500 രൂപ വരെ സബ്സിഡി സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി കൃഷി ഭവനുമായോ വയനാട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ 9383471924 ,9383471925 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപെടുക.

4 മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50 ടൺ ഉണങ്ങിയ വൈക്കോൽ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി 24.09.2024 ന് പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5 റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ബ്ലോക്ക് റബ്ബർ പരിശോധനയിൽ രണ്ടു ദിവസത്തെ പ്രത്യേക പരിശീലനം നൽകുന്നു. ബ്ലോക്ക് റബ്ബർ ഗുണമേന്മാനിയന്ത്രണം, സ്റ്റാൻഡേർഡ് ടെസ്റ്റിങ് രീതികളും പ്രാധാന്യവും, സാമ്പിൾശേഖരണത്തിന്റെ നടപടിക്രമങ്ങൾ, ബ്ലോക്ക് റബ്ബർ പരിശോധന തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളപരിശീലനം സെപ്റ്റംബർ 25,26 തീയതിക

ളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം